# Desabhimani

## 31 August 2018

## Manama, Flood Relief, Fundraising Campaign, Oman Tell

# സഹായവുമായി ഒമാൻ ടെല്ലും

**അനസ് യാസിൻ**

**മനാമ**

പ്രളയക്കെടുതി നേരിടുന്ന കേരളത്തെ സഹായിക്കാൻ ഒമാനിലെ ഔദ്യോഗിക ടെലിഫോൺ മൊബൈൽ ദാതാക്കളായ ഒമാൻ ടെല്ലും. ഇതിനായി കമ്പനി എസ്എംഎസ് സംവിധാനം ഒരുക്കി. പ്രളയ ദുരിതാശ്വാസത്തിനായി ഒമാനിലെ ഇന്ത്യക്കാരുടെ പൊതു സംഘടനയായ ഇന്ത്യൻ സോഷ്യൽക്ലബ് കഴിഞ്ഞദിവസം ആരംഭിച്ച ധന സമാഹരണ യജ്ഞവുമായി സഹകരിച്ചാണ് ഒമാൻ ടെല്ലിന്റെയും പ്രവർത്തനം. ഒമാനിലെ പ്രഥമ ടെലിഫോൺ മൊബൈൽ ദാതാക്കളാണ് ഒമാൻടെൽ. സർക്കാർ നിയന്ത്രണത്തിലുള്ള ഒരു സ്ഥാപനം ആദ്യമായാണ് ഇത്തരം ഒരു ദുരിതാശ്വാസ സമാഹരണത്തിന് തയ്യാറാകുന്നത്.

500 ബൈസ, ഒരു റിയാൽ, അഞ്ചു റിയാൽ, പത്തു റിയാൽ എന്നീ തുകകൾ ഇതുവഴി സംഭാവന നൽകാം. സംഭാവന നൽകാൻ ഉദ്ദേശിക്കുന്ന തുക ടൈപ് ചെയ്ത് 80672 എന്ന നമ്പരിൽ അയച്ചാൽ അവ ദുരിതാശ്വാസനിധിയിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടും.

ഇന്ത്യൻ സോഷ്യൽ ക്ലബ് ആരംഭിച്ച ഫണ്ടിലേക്ക് സഹായം നൽകാൻ താൽപ്പര്യമുള്ളവർക്ക് ദാർസൈറ്റിലുള്ള ക്ലബ്ബിന്റെ ഓഫീസിൽ നേരിട്ടോ 26 ഭാഷാ വിഭാഗങ്ങൾ വഴിയോ മൂന്ന് ശാഖവഴിയോ സംഭാവന നൽകാം. മസ്കത്തിൽ ആരംഭിച്ച ദുരിതാശ്വാസ അക്കൗണ്ടിൽ നേരിട്ടും നിക്ഷേപിക്കാം. അക്കൗണ്ട് നമ്പർ: 0333005572320088.

ദുബായ് റെഡ്ക്രസന്റ് യുഎഇ ടെലികോം കമ്പനികളായ ഇത്തിസലാത്ത്, ഡു എന്നിവ വഴി 100, 200 ദിർഹം വീതം സഹായം നൽകാനും സംവിധാനമുണ്ട്.